പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1789 05.02.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. യുടെ കടം

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ കടം എത്രയാണ്;</td><td>(എ)</td><td>കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കടം ചുവടെ ചേർക്കുന്നു:<br><table><tr><th></th><th>തുക (കോടി രൂപയിൽ)</th></tr><tr><td>കൺസോർഷ്യം ലോൺ</td><td>3100.00</td></tr><tr><td>സർക്കാർ വായ്പ</td><td>2532.52</td></tr><tr><td>ഓയിൽ കമ്പനികൾക്ക് നൽകുവാനുള്ളത്</td><td>230.00</td></tr><tr><td>സ്പെയർ പാർട്സ് ആന്റ് സ്റ്റോഴ്സ് ഇനത്തിൽ നൽകുവാനുള്ളത്</td><td>46.12</td></tr><tr><td>ജീവനക്കാർക്ക് നൽകുവാനുള്ള കുടിശ്ശികയും, എൻ.ഡി.ആർ തുടങ്ങിയവ</td><td>88.92</td></tr><tr><td>എൻ.പി.എസ്</td><td>127.00</td></tr><tr><td>ആകെ</td><td>6124.56</td></tr></table></td></tr>
<tr><td>(ബി)</td><td>എത്രകോടി രൂപയാണ് പലിശയിനത്തിൽ കെ.എസ്.ആർ.ടി.സി. നൽകിവരുന്നത്; വിശദവിവരം നൽകുമോ;</td><td>(ബി)</td><td>ബാങ്കുകളുടെ കൺസോർഷ്യം മുഖേന എടുത്തിട്ടുള്ള വായ്പയ്ക്ക് ശരാശരി 280 കോടി രൂപ പലിശയിനത്തിൽ പ്രതിവർഷം നൽകി വരുന്നു.</td></tr>
<tr><td>(സി)</td><td>കെ.ടി.ഡി.എഫ്.സി.യിൽ നിന്നും എത്ര കോടി രൂപയുടെ കടമാണ്</td><td>(സി)</td><td>കൺസോർഷ്യത്തിന്റെ ഭാഗമായി കെ.ടി. ഡി.എഫ്.സി.യുടെ വായ്പാവിഹിതം 950</td></tr>
</table>

| | | | |
|---|---|---|---|
| | കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള ത്; ഇതിന്റെ പലിശ എത്രയാണ്; | | കോടി രൂപയാണ്. ഫണ്ട് സമാഹരിക്കുന്ന തിന് കെ.റ്റി.ഡി.എഫ്.സി. നൽകുന്ന പലിശയും കൺസോർഷ്യം വായ്പയുടെ പലിശയും തമ്മിലുള്ള വ്യത്യാസം സർക്കാർ വഹിക്കുന്നതാണ് എന്ന നിബന്ധനയുടെ കൂടെ അടിസ്ഥാനത്തിലാണ് കെ.റ്റി.ഡി. എഫ്.സി ബാങ്കുകളുടെ കൺസോർഷ്യ ത്തിൽ പങ്കുചേർന്നത്. കൺസോർഷ്യം വായ്പയുടെ പലിശ 9.20 ശതമാനവും കെ.റ്റി.ഡി.എഫ്.സി അനുവദിച്ച വായ്പയുടെ പലിശ 11.82 ശതമാനവുമാണ്. കെ.ടി.ഡി. എഫ്.സി.യിൽ നിന്നും കെ.എസ്.ആർ. ടി.സി. എടുത്തിരുന്ന വിവിധ പലിശ നിരക്കിലുള്ള മറ്റുള്ള വായ്പകൾ സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതായി കണ്ടതിനാൽ അവ അനുരഞ്ജിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. അനുരഞ്ജനം പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ വായ്പാ തുക യുടെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. |
| (ഡി) | ഇതിനേക്കാൾ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുന്ന ഏജൻസികളെ ക്കുറിച്ച് അന്വേഷണം നടത്തിയിട്ടു ണ്ടോ എന്നും ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്നും വിശദമാക്കുമോ? | (ഡി) | 9.20 ശതമാനത്തേക്കാളും കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ അംഗീകൃത ഏജൻസികളൊന്നും തയ്യാറല്ലായിരുന്നു. |

**സെക്ഷൻ ഓഫീസർ**